LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

അങ്കമാലി അഗ്നിരക്ഷാ നിലയത്തിലെ ക്രാഷ് ടെണ്ടർ അറ്റകുറ്റപ്പണി ചെയ്ത് പ്രവർത്തനയോഗ്യമാക്കിയിട്ടുണ്ട്. ആംബുലൻസ് അറ്റകുറ്റപ്പണി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ആധുനിക വാഹനങ്ങളും ഉപകരണങ്ങളും ഈ സാമ്പത്തിക വർഷം വാങ്ങുന്നതിനായുള്ള ടെണ്ടർ നടപടി ക്രമങ്ങൾ പുരോഗമിച്ചു വരികയാണ്. ടെണ്ടർ നടപടി ക്രമങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ ആവശ്യത്തിന് വാഹനങ്ങളും ഉപകരണങ്ങളും അനുവദിക്കുന്നകാര്യം പരിഗണിക്കുന്നതാണ്. അങ്കമാലി അഗ്നിരക്ഷാ നിലയത്തിൽ ഫയർമാൻ തസ്തികയിൽ 13 ജീവനക്കാരുടെ ഒഴിവുകളാണ് നിലവിലുള്ളത്. ഫയർമാൻ തസ്തികയിലുള്ള ജീവനക്കാരുടെ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. അഡ്വൈസ് ചെയ്ത് പരിശീലനത്തിന് ശേഷം ജീവനക്കാരുടെ കുറവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

അരൂരിൽ ഫയർ സ്റ്റേഷൻ

254 (3888) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലും സീഡ്സ് എക്സ്പോർട്ട് മേഖലയിലുമായി അടിക്കടിയുണ്ടാകുന്ന അപകടങ്ങളിൽ രക്ഷാപ്രവർത്തനത്തിന് എറണാകുളത്തുനിന്നും ചേർത്തലയിൽ നിന്നും ഫയർഫോഴ്സ് എത്തുമ്പോഴേക്കും നാശനഷ്ടങ്ങൾ ഒരുപാടുണ്ടാകുന്നത് പരിഗണിച്ച് അരൂരിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കണമെന്ന ജനകീയ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനായി സ്ഥലം കണ്ടെത്തുന്നതിന് എം.പി., എം.എൽ.എ., ജില്ലാ കളക്ടർ, മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം ജില്ലാ കളക്ടേറ്റിൽ ചേർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആയത് പ്രകാരം നിർദ്ദേശിക്കപ്പെട്ട സ്ഥലം ബി.എസ്.എൻ.എൽ-കെ.എസ്.ഇ.ബി.-ക്ക് ജില്ലാ വ്യവസായ കേന്ദ്രം അലോട്ട് ചെയ്തിരുന്നതും എന്നാൽ ഉപയോഗിക്കാതിരിക്കുകയും ചെയ്തതിനാൽ അത് റസ്യൂം ചെയ്ത അനസ് എന്ന വ്യവസായിക്ക് നൽകിയിരുന്നതും, ഈ വ്യവസായി പൊതു ആവശ്യത്തിനായി ഈ സ്ഥലം വിട്ടുനൽകാൻ തയ്യാറാണെന്ന് യോഗത്തിൽ സമ്മതിച്ചിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത സ്ഥലം ആവശ്യപ്പെട്ട് ഫയർ ഫോഴ്സ് ജില്ലാ വ്യവസായ കേന്ദ്രത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അപേക്ഷ നൽകുവാൻ നടപടി സ്വീകരിക്കുമോ ; അവിടെ ഫയർ സ്റ്റേഷൻ സ്ഥാപിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അരൂരിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 18-9-2014-ന് യോഗം ചേർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ തന്നെ ഫയർ സ്റ്റേഷന് ആവശ്യമായ സ്ഥലം ഒഴിഞ്ഞ് കിടപ്പുണ്ടെന്ന് പ്രസ്തുത യോഗത്തിൽ അഭിപ്രായം ഉയർന്നിട്ടുണ്ട്. സ്ഥലം വിട്ടുനൽകുന്നതിന് ജില്ലാ വ്യവസായ കേന്ദ്രത്തിന് അപേക്ഷ സമർപ്പിച്ചിട്ടില്ല. എന്നാൽ, അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ സ്ഥലം സംബന്ധിച്ച് വിശദമായി പരിശോധിച്ചുവരുന്നു. പരിശോധനയിൽ ഫയർ സ്റ്റേഷന് അനുയോജ്യമാണെന്ന് കണ്ടെത്തിയാൽ അപേക്ഷ വ്യവസായ വകുപ്പിന് സമർപ്പിക്കുന്നതാണ്. നിലവിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമായ സ്ഥലങ്ങളിൽ മാത്രമേ ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ മുൻഗണന നൽകി വരുന്നുള്ളൂ.

വെള്ളരിക്കുണ്ട് ആസ്ഥാനമായി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ

255 (3889) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതൊക്കെ താലൂക്കുകളിലാണ് ഫയർ & റസ്ക്യൂ സ്റ്റേഷനുകൾ ഇല്ലാത്തതെന്ന് അറിയിക്കുമോ ;

(ബി) വെള്ളരിക്കുണ്ട് താലൂക്കിൽ വെള്ളരിക്കുണ്ട് ആസ്ഥാനമായി ഫയർ & റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) താഴെ കൊടുത്തിരിക്കുന്ന ജില്ലകളിലുള്ള താലൂക്കുകളിലാണ് ഫയർ ആന്റ്റസ്ക്യൂ സ്റ്റേഷൻ ഇല്ലാത്തത്.

LIBRARY ARCHIVES Kerala Legislative Assembly